Draft #5 of File ED1/48148/22/DTE Approved by Senior Administrative Officer on 22-Aug-2023 03:52 PM - Page 1

# ഭരണഭാഷ - മാതൃഭാഷ


## സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം

dtekerala@gmail.com

04712561307


**നടപടിക്രമം**

സാങ്കേതിക വിദ്യാഭ്യാസം - ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - പയ്യോളി സർക്കാർ ടെക്ക്നിക്കൽ ഹൈസ്കൂളിലെ രണ്ട് ക്ലാർക്ക് തസ്തികകളിൽ ഒരെണ്ണം കോഴിക്കോട് സർക്കാർ ടെക്ക്നിക്കൽ ഹൈസ്കൂളിലേക്ക് സ്ഥിരമായി വിന്യസിച്ച് കൊണ്ടുള്ള സർക്കാർ ഉത്തരവ് - നടപ്പിലാക്കി - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

ജീവനകാര്യം (ഡി) വിഭാഗം

നം: ED1/48148/22/ഡി.ടി.ഇ — തിരുവനന്തപുരം , തീയതി: 22.08.2023

വായന:- 1.24.11.2022 ലെ ഈ കാര്യാലയത്തിലെ എൽ1/28515/22/ഡിടിഇ നമ്പർ അനൗദ്യോഗിക കുറിപ്പ്

2.12.12.2022,10.06.2023 തിയതികളിലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ നടപടികൾ

3.24.07.2023 ലെ സ.ഉ (സാധാ) നം.1109/2023/ഉവിവ നമ്പർ സർക്കാർ ഉത്തരവ്

**ഉത്തരവ്**

പയ്യോളി സർക്കാർ ടെക്ക്നിക്കൽ ഹൈസ്കൂളിൽ നിന്നും ഒരു ക്ലാർക്ക് തസ്തിക കോഴിക്കോട് സർക്കാർ ടെക്ക്നിക്കൽ ഹൈസ്കൂളിലേക്ക് സ്ഥിരമായി വിന്യസിച്ചു കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നത് വരെ വായന (1) ലെ നിർദ്ദേശം പ്രകാരം, പയ്യോളി ടിഎച്ച്എസ് - ലെ ഒരു ക്ലാർക്ക് തസ്തിക അതിലെ ജീവനക്കാരിയായ ശ്രീമതി.അശ്വതി ഭാസ്കരൻ സഹിതം കോഴിക്കോട് ടിഎച്ച്എസ് - ലേക്ക് താൽക്കാലികമായി വിന്യസിച്ച് വായന (2) പ്രകാരം ഉത്തരവായിരുന്നു.

പയ്യോളി സർക്കാർ ടെക്ക്നിക്കൽ ഹൈസ്കൂളിലെ രണ്ട് ക്ലാർക്ക് തസ്തികകളിൽ ഒരെണ്ണം കോഴിക്കോട് സർക്കാർ ടെക്ക്നിക്കൽ ഹൈസ്കൂളിലേക്ക് സ്ഥിരമായി വിന്യസിച്ചു കൊണ്ട് വായന (3) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച സാഹചര്യത്തിൽ, വായന (2) താൽക്കാലിക വിന്യാസ നടപടിയിലൂടെ നിലവിൽ കോഴിക്കോട് ടിഎച്ച്എസ് - ൽ തുടർന്നു വരുന്ന പയ്യോളി ടിഎച്ച്എസ് - ലെ ക്ലാർക്ക് ശ്രീമതി.അശ്വതി ഭാസ്കരനെ (പെൻ - 891513) വായന സർക്കാർ ഉത്തരവ് പ്രകാരം കോഴിക്കോട് ടിഎച്ച്എസ് - ലേക്ക് സ്ഥിരമായി വിന്യസിക്കപ്പെട്ട ക്ലാർക്ക് തസ്തികയിൽ തുടരാൻ അനുവദിച്ച് കൊണ്ട് വായന (3) സർക്കാർ ഉത്തരവ് നടപ്പിലാക്കി ഇതിനാൽ ഉത്തരവാകുന്നു.

ക്ലാർക്ക് ശ്രീമതി.അശ്വതി ഭാസ്കരൻറെ '''സ്പാർക്ക്'', '''എംഐഎസ്''' ഡാറ്റാ ബേസുകൾ കോഴിക്കോട് ടിഎച്ച്എസ് സൂപ്രണ്ടിന് അടിയന്തരമായി കൈമാറാൻ പയ്യോളി ടിഎച്ച്എസ് സൂപ്രണ്ടിന് ഇതിനാൽ നിർദ്ദേശവും നൽകുന്നു.

ഒപ്പ് /-

സുനിൽ കുമാർ സി വി

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താവ്

സൂപ്രണ്ട്,സർക്കാർ ടെക്ക്നിക്കൽ ഹൈസ്കൂൾ,കോഴിക്കോട് / പയ്യോളി

(ഡിടിഇ വെബ് സൈറ്റ് വഴി)

പകർപ്പ്

1.സി.എ,സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ,ഡിടിഇ

2.ശ്രീമതി.അശ്വതി ഭാസ്കരൻ,ക്ലാർക്ക്,സർക്കാർ ടെക്ക്നിക്കൽ ഹൈസ്കൂൾ,കോഴിക്കോട് (സ്ഥാപന

മേധാവി വഴി)
3.സൂപ്രണ്ട്,പ്ലാനിംഗ് വിഭാഗം,ഡിടിഇ (10.08.2023 ലെ എൽ1/28515/22/ഡിടിഇ നമ്പർ മേലെഴുത്ത്)
4.സിസ്റ്റം അനലിസ്റ്റ്,ഡിടിഇ (പ്രസിദ്ധീകരണത്തിന്)
5.ഡിഡിഎഫ്എസ് കരുതൽ സഞ്ചയം

Approval Valid

Digitally Approved By
സുനിൽ കുമാർ സി വി
Date: 22.08.2023
Reason: Approved

Draft #5 of File ED1/48148/22/DTE Approved by Senior Administrative Officer on 22-Aug-2023 03:52 PM - Page 2

The document is digitally approved. Hence signature is not needed.